# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)

## വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011

(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത് / സ്ഥാപിതമായത്.)

ടെലിഫോൺ നംബർ - 0495 2367820

ഇ മെയിൽ. cgrfkzd@kseb.in

## സാന്നിദ്ധ്യം

| | | |
|---|---|---|
| സാജമ്മ. ജെ. പുന്നൂർ | : | അദ്ധ്യക്ഷ |
| ഫ്രാൻസിസ്. എ. സി | : | അംഗം |

**ഒ.പി. നം. 26/2024-25**

**പരാതിക്കാരൻ :**

1. ശ്രീ. മുഹമ്മദ് ഇബ്രാഹിം. കെ, കൊന്നോല വീട്, ചീനിത്തോട്, ഡൗൺ ഹിൽ പി. ഒ, മലപ്പുറം–676 519.

**എതിർകക്ഷികൾ :**

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, മലപ്പുറം, കെ.എസ്.ഇ.ബി ലിമിറ്റഡ്, മലപ്പുറം– ജില്ല.

2. അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, മലപ്പുറം ഈസ്റ്റ് കെ.എസ്.ഇ.ബി ലിമിറ്റഡ്, മലപ്പുറം– ജില്ല.

# ഉത്തരവ്

പരാതിക്കാരന്റെ വിശദീകരണം:-

പരാതിക്കാരൻ മലപ്പുറം ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള 1165558017023 കൺസ്യൂമർ നമ്പറിലുള്ള ഉപഭോക്താവാണ്. ഫിനാൻസ് ആക്ട് 2024 അനുസരിച്ച് സ്വയം ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഡ്യൂട്ടി യൂണിറ്റിന് 1.2 പൈസയിൽ നിന്ന് 15 പൈസയായി ഉയർത്തിയെന്നും, പരാതിക്കാരൻ ഉല്പാദിപ്പിച്ച 302 യൂണിറ്റ് സോളാർ വൈദ്യുതിയുടെ മൊത്തം വിലയായ 45.30 പൈസ എതിർകക്ഷി ആവശ്യപ്പെട്ടുവെന്നും ടിയാൻ ഉത്പാദിപ്പിച്ച മൊത്തം 302 യൂണിറ്റ് വൈദ്യുതിയിൽ 171 യൂണിറ്റ് വൈദ്യുതി ലൈസൻസിക്ക് കൈമാറിയതാണെന്നും ബാക്കി 131 യൂണിറ്റ് വൈദ്യുതിയുടെ തുക മാത്രമേ ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് 1963 ലെ നിയമപ്രകാരം ഈടാക്കാൻ പാടുള്ളൂ എന്നും പരാതിക്കാരൻ പറയുന്നു.

എതിർകക്ഷിയുടെ വിശദീകരണം :-

2024 മെയ് മാസത്തെ വൈദ്യുതി ബില്ലിൽ ഉല്പാദന ഡ്യൂട്ടി ഇനത്തിലായി ഈടാക്കിയിരുന്നത് 45.30 രൂപയാണെന്നും ആയത് 2024 ഏപ്രിൽ മാസത്തെ സോളാർ വൈദ്യുതി ഉത്പാപ്പാദനമായ 302 യൂണിറ്റിന് 15 പൈസ പ്രകാരമാണെന്നും എന്നാൽ ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇനത്തിലായി ഈടാക്കിയിരുന്ന 58.43 രൂപ 2024 ഏപ്രിൽ മാസത്തെ വൈദ്യുതി ഉപഭോഗമായ 143 യൂണിറ്റിന്റെ [314 (കൈമാറ്റം) - 171 (സ്വയം ഉപയോഗിച്ച)=143] എനർജി ചാർജ്ജിന്റെ (584.30/-രൂപയുടെ) 10% ആണെന്നും ആയത് കെ.എസ്.ഇ.ബി.എൽ ന്റെ ബില്ലിംഗ് സോഫ്റ്റ് വെയർ പ്രകാരമാണ് ചെയ്തിരിക്കുന്നതെന്നും ഇലക്ട്രിക്കൽ സെക്ഷൻ തലത്തിൽ ഇതിനൊരു മാറ്റം വരുത്താൻ കഴിയില്ലെന്നും എതിർകക്ഷി അറിയിക്കുന്നു.

അവലോകനവും കണ്ടെത്തലും:-

ഈ കേസിന്റെ വിചാരണ 07-08-2024 ന് കോഴിക്കോട് സി.ജി.ആർ.എഫിൽ വച്ച് നടന്നു. പരാതിക്കാരനും എതിർകക്ഷിയും വിചാരണയിൽ ഹാജരായിരുന്നു.

വിചാരണ സമയത്ത് ഹാജരാക്കിയ രേഖകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടു.

കേരളാ ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് 1963 ന്റെ 3,4,5 വകുപ്പുകൾ പ്രകാരം ലൈസൻസി, ഉപഭോക്താവിൽ നിന്നും പിരിച്ചെടുത്ത് സർക്കാറിലേക്ക് നൽകേണ്ടതുകയാണ് ഇലക്ട്രിസിറ്റി ഡ്യൂട്ടി. ആയത് ഏതെങ്കിലും ഒരു ഉപഭോക്താവിൽ നിന്നുംമാത്രം ഈടാക്കുന്ന തുകയല്ലാത്തതിനാൽ, ഫോറത്തിനു മുമ്പാകെ നിലവിലുള്ള ഈ പരാതിക്കാരനെ മാത്രം ബാധിക്കുന്ന കേസ് അല്ലാത്തതിനാലും സംസ്ഥാന സർക്കാറിന്റെ നയപരമായ തീരുമാനപ്രകാരം കാലാകാലങ്ങളിൽ മാറ്റം വരുത്തി ഈടാക്കുന്നതുമായ ഇലക്ട്രിസിറ്റി ഡ്യൂട്ടി പിരിച്ചെടുക്കുന്ന കാര്യത്തിൽ ഇടപെടാൻ ഈ ഫോറത്തിന് അധികാരമില്ല. ആയതിനാൽ തന്നെ ഈ വിഷയത്തിൽ പരാതിക്കാരൻ സർക്കാരിലേക്ക് അപേക്ഷ നൽകുകയാണ് നല്ലത് എന്ന് ഫോറത്തിന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ ഈ പരാതി, ഫോറം ഇതിനാൽ തള്ളി ഉത്തരവാക്കുകയും ഇക്കാര്യത്തിൽ ഒരു ഉത്തരവിനായി സംസ്ഥാന ഊർജ്ജ വകുപ്പിനെ സമീപിക്കുന്നത് ഉചിതമായിരിക്കുമെന്ന് പരാതിക്കാരനെ അറിയിക്കുകയും ചെയ്യുന്നു.

രണ്ടായിരത്തി ഇരുപത്തി നാലാമാണ്ട് ആഗസ്റ്റ് മാസം 13 –)0 തിയ്യതി.

| | |
|---|---|
| *Sd/-* | *Sd/-* |
| **ഫ്രാൻസിസ്. എ. സി,** | **സാജമ്മ. ജെ. പുന്നൂർ** |
| **അംഗം** | **അദ്ധ്യക്ഷ** |

Endt.on CGRF-NR/OP 26/2024-25/185 13/08/2024

<u>അയയ്ക്കുന്നത്:</u>

1. ശ്രീ. മുഹമ്മദ് ഇബ്രാഹിം. കെ,
   കൊന്നോല വീട്,
   ചീനിത്തോട്,
   ഡൗൺ ഹിൽ പി. ഒ,
   മലപ്പുറം–676 519.

ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് /പരാതിക്കാരിയ്ക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, ഡി.എച്ച് റോഡ്, ഓഫ്ഷോർ റോഡ് ജംഗ്ഷൻ, ഗാന്ധി സ്കൊയറിന് സമീപം എറണാകുളം, കേരള– 682016.
(ഫോൺ 0484- 2346488)

2.അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കെ.എസ്.ഇ.ബി ലിമിറ്റഡ്,
മലപ്പുറം, മലപ്പുറം–ജില്ല.

<u>കോപ്പി സമർപ്പിക്കുന്നത് :</u>
ചീഫ് എൻഞ്ചിനീയർ(ഡിസ്ട്രിബ്യൂഷൻ - നോർത്ത് ),
കോഴിക്കോട് .

<u>കോപ്പി സമർപ്പിക്കുന്നത് :</u>

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
   വൈദ്യുതിഭവനം,തിരുവനന്തപുരം.

2. ഡെപ്യൂട്ടി ചീഫ് എൻഞ്ചിനീയർ
   ഇലക്ട്രിക്കൽ സർക്കിൾ,മഞ്ചേരി,,
   കെ.എസ്.ഇ.ബി ലിമിറ്റഡ്, മലപ്പുറം

3. എക്സിക്യൂട്ടീവ് എൻഞ്ചിനീയർ
   ഇലക്ട്രിക്കൽ ഡിവിഷൻ, മഞ്ചേരി,
   കെ.എസ്.ഇ.ബി ലിമിറ്റഡ്, മലപ്പുറംജില്ല.

4. അസിസ്റ്റൻറ് എൻജിനീയർ,
   ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി
   ലിമിറ്റഡ്, മലപ്പുറം ഈസ്റ്റ്, മലപ്പുറം ജില്ല.

Forwarded

Sd/-

**Chairperson**